പട്ടയം ലഭിച്ചവരുടെ എണ്ണം

69 (250) ശ്രീ. കെ. സുധാകരൻ :
ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതുവരെ എത്ര കർഷകർക്ക് പട്ടയം നൽകി ?

ഉത്തരം

വിവരം ശേഖരിച്ചു വരുന്നു.

കള്ള ആധാരം നടത്തി വസ്തുക്കൾ തട്ടിയെടുക്കാൻ ശ്രമം

70 (251) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശാസ്തമംഗലം വില്ലേജിൽ സർവ്വേ നമ്പർ 184, 185, 187-ൽ തിരുവല്ലാ താലൂക്കിൽ നിരണം വില്ലേജിൽ, കാട്ടുനിലത്ത് പുത്തൻപുരയിൽ കെ. ജി. എബ്രഹാം, എബി വർഗ്ഗീസ് എബ്രഹാം, ഷിബി ഈപ്പൻ എബ്രഹാം എന്നിവർക്ക് എത്ര സെന്റ് വീതം വസ്തുക്കൾ ഉണ്ട് എന്ന് വ്യക്തമാക്കാമോ ;

(ബി) ഈ വസ്തുക്കൾ മുമ്പ് കവടിയാർ കൊട്ടാരം വക സ്ഥലമായിരുന്നോ; ഇപ്പോൾ ഇത് ആരുടെ കൈവശമാണ്;

(സി) ഈ വസ്തുക്കൾ 2-11-2005-ൽ സർക്കാർ സർവ്വേ നടത്തി റിപ്പോർട്ട് ഉണ്ടാക്കിയിട്ടുണ്ടോ; ഇതിന്റെ വിവരം വിശദമാക്കാമോ;

(ഡി) സർവ്വേ നമ്പർ 186-ൽ ഉൾപ്പെട്ട വസ്തുക്കൾ ആരുടെയൊക്കെയാണ്;

(ഇ) സർവ്വേ നമ്പർ 184, 185, 187 വസ്തുക്കളിൽ ആരെങ്കിലും കള്ള ആധാരം നടത്തി വസ്തുക്കൾ തട്ടിയെടുക്കാൻ ശ്രമം നടത്തിയതായി അറിവുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ശ്രീ. കെ. ജി. എബ്രഹാം, എബി വർഗ്ഗീസ് എബ്രഹാം, ഷിബി ഈപ്പൻ എബ്രഹാം എന്നിവർക്ക് ശാസ്തമംഗലം വില്ലേജിലുള്ള ഭൂമിയുടെ വിശദവിവരങ്ങൾ താഴെ കാണും പ്രകാരമാണ്:

LIBRARY ARCHIVES Kerala Legislative Assembly